# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## എടരിക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .എം.പി.എം.14/2608/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടരിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .എം.പി.എം.14/2608/23 തീയ്യതി: 18/12/2023

## മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2022 മുതൽ 14-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ, കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 22-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൾ സത്താർ സി പി,ഓഡിറ്റ് ഓഫീസർ

ശ്രീമതി. ജിഷ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. സുജാത എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വിനീത പി പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദുൽ ജലീൽ മണമ്മൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. വനജ പി കെ | സെക്രട്ടറി | 01-04-2022 | 12-07-2022 |
| ശ്രീ.രാജേഷ്. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2022 | 25-07-2022 |
| ശ്രീമതി. വനജ പി കെ | സെക്രട്ടറി | 26-07-2022 | 16-09-2022 |
| ശ്രീ.രാജേഷ്. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-09-2022 | 21-10-2022 |
| ശ്രീ. ഷാബു കെ ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-10-2022 | 06-11-2022 |
| ശ്രീമതി ഷംന എം കെ | സെക്രട്ടറി | 07-11-2022 | 10-01-2023 |
| ശ്രീ. ഷാബു കെ ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-01-2023 | 26-01-2023 |
| ശ്രീമതി ഷംന എം കെ | സെക്രട്ടറി | 27-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് ആർ | അസി.സെക്രട്ടറി | 01-04-2022 | 21-10-2022 |
| ശ്രീ. ഷാബു കെ ജെ | അസി.സെക്രട്ടറി | 22-10-2022 | 31-03-2023 |
| ശ്രീമതി. സനിത പൂവത്തു പറമ്പിൽ | വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ സലാം. ഇ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. നസീമ കെ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 07-07-2022 |
| ശ്രീമതി. ബിനു സുധാകർ | ക്ഷീര വികസന ഓഫീസർ | 08-07-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മൈമൂന കെ ടി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 01-12-2022 |
| ശ്രീമതി. ബിന്ദു ടി എം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 02-12-2022 | 31-03-2023 |
| ശ്രീ.സജീഷ് സി | അസി.എഞ്ചിനീയർ(അഡി.ചാർജ്) | 30-05-2022 | 31-07-2022 |
| ശ്രീ. അനന്തു എസ് നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2022 | 31-03-2023 |
| ശ്രീമതി. പ്രീത എം ഡി | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| ശ്രീമതി. മെഹസുമ പുതുപ്പള്ളി | കൃഷി ഓഫീസർ | 28-07-2022 | 31-07-2022 |
| ശ്രീമതി. പ്രതിഭ എസ് എസ് | കൃഷി ഓഫീസർ | 01-08-2022 | 15-08-2022 |
| ശ്രീമതി. മെഹസുമ പുതുപ്പള്ളി | കൃഷി ഓഫീസർ | 16-08-2022 | 23-08-2022 |
| ശ്രീ. വിഷ്ണു നാരായണൻ പി എം | കൃഷി ഓഫീസർ | 24-11-2022 | 31-03-2023 |
| ശ്രീ. സിജേഷ് | അസി.എഞ്ചിനീയർ(എംപ്ലോയ്മെന്റ്) | 01-04-2022 | 29-05-2022 |

| | | | |
|---|---|---|---|
| ശ്രീ. വിഷ്ണനാരായണൻ പി.എം. | കൃഷി ഓഫീസർ | 24-08-2022 | 31-03-2023 |
| ഡോ. അബ്ദുള്ള.കെ. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-2 |
| 4 | ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. | 1-1-4 |
| 6 | ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപെൻഷൻ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 17 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 18 | ഭവന പുനരുദ്ധാരണം- അപാകതകൾ | 1-13 |
| 19 | ഭവന പുനരുദ്ധാരണം- പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-14 |
| 20 | ബയോബിൻ-സ്റ്റോക്ക് വിവരം ലഭ്യമല്ല. | 1-15 |
| 21 | എസ് എസ് എ വിഹിതം അടവാക്കൽ–പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-16 |
| 22 | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിന് വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 23 | പഞ്ചായത്ത് വാഹനത്തിന് ടയർ മാറ്റൽ -വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 24 | വാങ്ങൽ നടപടികൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി. | 1-19 |
| 25 | കൃഷി ഓഫീസർ– സ്റ്റോക്ക് വിവരം ചേർത്തിട്ടില്ല. | 1-20 |
| 26 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോം വർക്കിനുള്ള തുക നൽകി- അധികച്ചെലവ്. | 1-21 |
| 27 | ലേല നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 28 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-23 |
| 29 | പൊതുമരാമത്ത്- പൊതു അവലോകനം | 1-24 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ്ബുക്ക് സൂക്ഷിപ്പിലെ അപാകത | 1-25 |
| 31 | ഇ-ടെണ്ടർ– ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭ്യമാക്കിയില്ല | 1-26 |
| 32 | പ്രൊജക്ടിൽ അധികം തുക വകയിരുത്തി | 1-27 |
| 33 | കരാർ വെക്കുന്നതിന് കാല താമസം - പിഴ ഈടാക്കിയില്ല | 1-28 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് **1994** ലെ സെക്ഷൻ **215(4)** പ്രകാരം**,** കേരള പഞ്ചായത്ത് രാജ്**(**അകൗണ്ട്സ് **)**ചട്ടങ്ങൾ **2011, KSAD** ഓഡിറ്റ് മാന്വൽ ചാപ്റ്റർ **4.2.1 & 11.3,** സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് **,**ധനകാര്യ കമ്മീഷൻ**,** മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് എടരിക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **20.07.2023** ലെ **3(2)** തീരുമാന പ്രകാരം തയ്യാറാക്കി **31-07-2023** തിയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള എടരിക്കോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് **2023** ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് **&** പെയ്മെന്റ് സ്റ്റേറ്റ്മെന്റ് **,** ഇൻകം**&** എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2023** തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്**.** ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്**.** ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം**.**

**Ii)C&AG** ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും **C&AG** നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്**.** സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു**.** സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു**.** ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു**.** എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു**.**

**iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും **,** അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും**,** അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു**.**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:മലപ്പുറം

തീയതി:18-12-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ -3094457/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 10724948/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്ത പ്പെടുന്നില്ല.

### 1-1-3 ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റീകൺസിലിയേഷന് പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-4 ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-5 ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതിയിട്ടില്ല

പെർമ്മിറ്റ് , ലൈസൻസ്, തൊഴിൽ നികുതി എന്നീ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം 1 (1)/31.03.2022 | തീരുമാനം 3(1)/28.02.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39023579 |
| വരവ് | 103907566 |
| ആകെ | 142931145 |
| ചെലവ് | 93182618 |
| നീക്കിയിരിപ്പ് | 49748527 |

നോട്ട്:- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേമെന്റ് പത്രികയിലെ തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14951530 | 14951530 | 14605234 | 346296 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2683225 | 2683225 | 2624059 | 59166 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11733000 | 11733000 | 5365022 | 6367978 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5059000 | 5059000 | 3944045 | 1114955 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - **Tied** | 0 | 8486253 | 8486253 | 3615083 | 4871170 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 3111595 | 3111595 | 2131284 | 980311 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 249 | 125869793 | 153 | 53815888 | - | 96 | 61.4% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3237 | 551542 | 554779 | 75150 | 479629 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4090126 | 4090126 | 4090126 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 686200 | 47 |
| വിധവാപെൻഷൻ | 9660800 | 833 |
| വാർദ്ധക്യകാലപെൻഷൻ | 15528800 | 1370 |
| വികലാംഗപെൻഷൻ | 3364200 | 283 |
| വിവാഹ ധനസഹായം | - | - |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള സഹായം | 161600 | 17 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2023 ന് 2:14 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41104/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി) പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന്ന് ക്രിയാത്മകമായ സമീപനങ്ങൾ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കൂട്ടായ പ്രവർത്തനവും മോണിട്ടറിങ്ങും കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്.
3. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
5. സ്റ്റോക്ക് രജിസ്റ്ററുകൾ, ഗ്രാമ പഞ്ചായത്തിൽ നിന്ന് വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ അവയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റുന്ന രീതിയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നില്ല.
6. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ കെട്ടിട നിർമാണ ചട്ടങ്ങൾ, മാലിന്യ സംസ്കരണ ചട്ടങ്ങൾ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. പാർക്കിങ്, ടോയ്‌ലെറ്റ് സൗകര്യങ്ങളിലെ

അപര്യാപ്തതയും, ഉപയോഗരഹിതമായ ഫർണിച്ചർ, ഉപകരണങ്ങൾ തുടങ്ങിയവ അലക്ഷ്യമായി കിടക്കുന്നതും ഇക്കാര്യത്തിലെ വീഴ്ചകൾക്ക് ഉദാഹരണമാണ്.

7. ഗ്രാമ പഞ്ചായത്ത് കാര്യാലയം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥലസൗകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്നതിനാൽ വിശാലമായ സ്ഥലസൗകര്യമുള്ള മറ്റൊരിടത്തേക്ക് മാറ്റുന്നതിനോ പുതിയത് നിർമിക്കുന്നതിനോ നടപടി സ്വീകരിക്കാവുന്നതാണ്.
8. പഞ്ചായത്ത് കാര്യാലയത്തിലും ഘടക സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഉപയോഗരഹിതമായ ഉപകരണങ്ങൾ, ടയറുകൾ, ഫർണിച്ചർ തുടങ്ങിയവ അതാതു സമയമോ വർഷത്തിലൊരിക്കലെങ്കിലോ നിയമവിധേയമായി കൈയൊഴിഞ്ഞ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങളുടെ ഭാഗമായി കൊണ്ടു വരുന്ന സാമ്പിളുകൾ പ്രസ്തുത നടപടികൾ പൂർത്തിയായാലുടൻ തിരിച്ച് കൊണ്ടു പോകാനും അല്ലാത്ത പക്ഷം പഞ്ചായത്തിൽ മുതൽക്കൂട്ടി ഉപയോഗപ്പെടുത്താനും നടപടിയെടുക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ടെണ്ടർ/ ക്വട്ടേഷൻ നിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
9. ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ കാര്യാലയങ്ങളുടെയും ഭൗതിക സൗകര്യങ്ങൾ, മെയിന്റനൻസ്, ജീവനക്കാരുടെ സൗകര്യങ്ങൾ, ഹാജർ, ഒഴിവ്, പൊതുജനങ്ങൾക്കുള്ള സേവന ലഭ്യത എന്നിവ ഗ്രാമ പഞ്ചായത്ത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 | 01.10.2022 To 31.10.2022 | ലഭ്യമല്ല |
| എ.ജി ഓഡിറ്റ് | 02.12.2009 To 15.12.2009 | 2004-05 To 2008-09 | 15.01.2010 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി എടരിക്കോട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

### 1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്യുന്നുണ്ടെങ്കിലും, അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

2). **ബജറ്റ്**

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് |
|---|---|---|
| Property Tax | 80,00,000 | 75,26,529 |
| Profession Tax | 35,00,000 | 29,014,10 |
| Licence Fees | 3,70,000 | 178450 |
| Building Permit | 7,00,000 | 392066 |

**വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എടരിക്കോട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 25.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1/1 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് പഞ്ചായത്ത് സമിതി യോഗം 1/3 നമ്പർ തീരുമാന പ്രകാരം 20.05.2023 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

5). മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നതിനാൽ ആയത് 20.05.2023 ന് 1/2 തീരുമാന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

6). പുതുക്കിയ വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം(10.08.2023 ലെ 2/3 തീരുമാനം) പഞ്ചായത്താഫീസ്, മറ്റ് സ്ഥാപനങ്ങളിലും, ദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

7). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നികുതി നിർണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് .നാളിതു വരെയും അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് മതിയായ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.**

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് / വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്തിലെ റേഷൻ കടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 178450 /- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 1/15.11.2023)

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 170/2014-15 - ചോലക്കുണ്ട് മിനി സ്റ്റേഡിയം വൈദ്യുത ലൈൻ ശേഷി കൂട്ടൽ | 2014-15 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 79869 | Own Fund - 79869 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 79869 |
| 2 | 143/2016-17 - പി.എച്ച്.സി. ക്ക് സമീപം വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | 2016-17 | " | 46256 | Own Fund - 46256 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 46256 |
| 3 | 175/2016-17 - എടരിക്കോട് അരീക്കൽ റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 2016-17 | " | 37862 | Own Fund - 37862 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 37862 |
| 4 | 54/2018-19 - സ്ട്രീറ്റ് മെയിൻ വലിക്കൽ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1199116 | Own Fund 1199116 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1199116 |
| 5 | 226/2018-19 - കുട്ടാട്ടുപാറ തൈക്കാട്ടുപ്പടി ഇലക്ട്രിസിറ്റി ലൈൻ നീട്ടൽ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 72275 | Development Fund 72275 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 72275 |
| 6 | 158/20 മമ്മാലിപ്പടി കുടിവെള്ള പദ്ധതി കുഴൽ കിണർ | 2019-20 | ഭൂജലവകുപ്പ് | 53616 | Development Fund(CFC Basic Grant ) - 48050 , Own Fund - 5566 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 53616 |
| 7 | 159/20 കുർമ്പത്ത് പടി ആശാരിപ്പടി കുടിവെള്ള പദ്ധതി കുഴൽ കിണർ | 2019-20 | ഭൂജലവകുപ്പ് | 40084 | Development Fund(CFC Basic Grant ) - 37750 , | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 40084 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | Own Fund - 2334<br>40084 | | |
| 8 | 244/20<br>സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകളിൽ മീറ്റർ സ്ഥാപിക്കൽ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 46904 | Own Fund - 46904 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 46904 |
| 9 | 229/2020-21<br>കുറുക കുടിവെള്ള പദ്ധതി കുഴൽകിണർ | 2020-21 | ഭൂജലവകുപ്പ് | 48626 | Development Fund(CFC Tied Grant ) - 48626 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 48626 |
| 10 | 230/2020-21<br>പുതുപ്പറമ്പ് റോഡിലേക്ക്നിലവിലെ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 448400 | Own Fund - 448400 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 448400 |
| 11 | 245/2020-21<br>78 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച ഏരിയയിൽ മീറ്റർ അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 37842 | Own Fund - 37842 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 37842 |
| | **ആകെ** | | | **2110850** | | **0** | **2110850** |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 8/ 20.11.2023 മറുപടി ലഭ്യമാക്കിയില്ല.)

## 1-13 ഭവന പുനരുദ്ധാരണം- അപാകതകൾ

വി. ഇ.ഓ. നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയിലെ അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

| പ്രൊജക്ട് നം. | പേര് | ആകെ ചെലവ് | ചെക്ക് നം/ തീയതി തുക | അപാകത |
|---|---|---|---|---|
| 87/23 | ഭവന പുനരുദ്ധാരണം- ജനറൽ | 11,75,660((തനത്) | Ch. No. 9527794/22-2-23 Rs. 1,60,000 | ഈ ചെക്ക് പ്രകാരം വിതരണം ചെയ്ത 4 പേരിൽ ഉൾപ്പെടുന്ന ശ്രീമതി. ബീന വാഴൂർ എന്നയാളുടെ വീടിന് ( House No. 24/A In Ward No. 4)നിശ്ചിത മിനിമം പഴക്കമായ 8 വർഷത്തിനു പകരം 5 വർഷം മാത്രമാണുള്ളത്. |

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നറിയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/22-11-2023 - ക്ക് മറുപടി ലഭിച്ചിട്ടില്ല. അർഹതയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകിയതിന് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

## 1-14 ഭവന പുനരുദ്ധാരണം- പൂർത്തീകരണ വിവരം ലഭ്യമല്ല.

വി.ഇ.ഓ. നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നം. | പേര് | ആകെ ചെലവ് | BR No. & Amount | അപാകത |
|---|---|---|---|---|
| 97/23 | ഭവന പുനരുദ്ധാരണം- പട്ടിക ജാതി | 75,000 DF-SCP | Bill No. 40/29-3-23 Rs. 75,000 | ഈ ബിൽ പ്രകാരം വാർഡ് 15 ലെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 25,000 രൂപ വീതം മുൻകൂർ നൽകിയിട്ടുണ്ട്.<br>1. ദേവു<br>2. കാളി<br>3. ബാലകൃഷ്ണൻ<br>പൂർത്തീകരണ വിവരം ലഭ്യമല്ല. |

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നറിയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/22-11-2023 ക്ക് മറുപടി ലഭിച്ചിട്ടില്ല. വിശദീകരണം അറിയിക്കേണ്ടതാണ്.

## 1-15 ബയോബിൻ-സ്റ്റോക്ക് വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടികൾക്ക് ബയോബിൻ നൽകുന്നതിനായി വി.ഇ.ഓ. നടപ്പാക്കിയ പ്രൊജക്ടിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| പ്രൊജക്ട് നം. | പേര് | ആകെ ചെലവ് | ചെക്ക് നം/ തീയതി തുക | അപാകത |
|---|---|---|---|---|
| 71/23 | അംഗൻവാടികൾക്ക് ബയോബിൻ | 50,370 (CSS) | Ch. No. 3325/26-8-22 Rs. 50370 | RAIDCOയുടെ Invoice No. TIR/114/2022-23/30-7-22 പ്രകാരം 23 BIOBIN-HDPE (RAIDCO) വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക്, അംഗൻവാടികൾക്ക് വിതരണം ചെയ്ത വിവരം, അംഗൻവാടികൾ കൈപ്പറ്റി അവരുടെ സ്റ്റോക്കിലെടുത്ത വിവരം എന്നിവ ലഭ്യമല്ല. |

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നറിയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/22-11-2023 ക്ക് മറുപടി ലഭിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 50370/-രൂപ തടസ്സം ചെയ്യുന്നു.

## 1-16 എസ് എസ് എ വിഹിതം അടവാക്കൽ-പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണം നടത്തിയ വിവിധ എസ്.എസ്.എ ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കൽ പദ്ധതികൾ മുഖേന താഴെ പറയും പ്രകാരം ₹ 24,60,000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പദ്ധതി | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.കെ വിഹിതം നൽകൽ 313/23 | 10,00,000 | 22151752008001579051/31.03.23<br>(വികസന ഫണ്ട് ജനറൽ) |

| | | |
|---|---|---|
| എസ്.എസ്.കെ വിഹിതം നൽകൽ 114/23 | 7,00,000 | 221517520080006661493/18.10.22 (വികസന ഫണ്ട് ജനറൽ) |
| ജി.യു.പി എസ് ക്ലാരി സിവിൽ വർക്കുകൾ എസ്.എസ്.കെ വിഹിതം നൽകൽ 185/23 | 7,60,000 | 221517520080006664535/19.10.22 (വികസന ഫണ്ട് ജനറൽ) |

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5/18.11.2023 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി എസ്.എസ്.കെ പ്രൊജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹ 24,60,000 തടസ്സം ചെയ്യുന്നു.

## 1-17 ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിന് വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ DDP-MPM/407/2021-D10 തി.19.01.2022 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 2,65,000/- രൂപ ( തനതുഫണ്ട് ) 80/23 നമ്പർ പദ്ധതി പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് (അക്കൗണ്ട് നമ്പർ 715011400000155 മലപ്പുറം ജില്ലാ ട്രഷറി) കൈമാറിയിട്ടുണ്ട്. (വൗച്ചർ നം.22200491/18-10-2022)എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതിയോ, വിനിയോഗ സാക്ഷ്യപത്രമോ വൗച്ചറിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല. വിശദീകരണം/ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6/18.11.2023 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. ആയത് ലഭ്യമാകുന്നമുറക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 265000/-രൂപ തടസ്സം ചെയ്യുന്നു.

## 1-18 പഞ്ചായത്ത് വാഹനത്തിന് ടയർ മാറ്റൽ -വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ വാഹനമായ ബൊലേറോ ജീപ്പിന്റെ 2 ടയറുകൾ മാറ്റുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചതായും ആയതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത (15450/-) Auto Care 3D Wheel Alignment NH, Edarikod P.O എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് (13.09.2022ലെ 2/1 നമ്പർ ഭരണസമിതി തീരുമാനം) വൗച്ചർ നം. 222006572/15.11.2022 പ്രകാരം 15450/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാഹനത്തിന്റെ ടയർ ( 2 എണ്ണം) , വീൽ അലൈൻമെന്റ് & വീൽ ബാലൻസിംഗ് എന്നിവക്കായാണ് (ഇ.നം. 299//014.09.2022) തനത്ഫണ്ടിൽ നിന്നും തുക നൽകിയിട്ടുള്ളത്. ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതിന്റെ വിവരം ലഭ്യമല്ല.

2).06.08.2022 വാഹനത്തിന്റെ ടയറുമായി ബന്ധപ്പെട്ട് മെക്കാനിക്കൽ എഞ്ചിനീയറെ കാണാൻ പോയതായി ലോഗ് ബുക്കിൽ (പേജ് നമ്പർ 83) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് വാഹനം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പി. ഡബ്ല്യു. ഡി, മെക്കാനിക്കൽ സബ് ഡിവിഷൻ പരിശോധിച്ച് നൽകിയ റിപ്പോർട്ട് /Essentiality Certificate ഫയലിൽ ലഭ്യമല്ല.

2). Essentiality Certificate ലഭിച്ചിട്ടാണ് ക്വട്ടേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. റിപ്പോർട്ട്/ Essentiality Certificate ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും അല്ലാത്തപക്ഷം Essentiality Certificate കൂടാതെ തുക അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14/21.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ / വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 1-19 വാങ്ങൽ നടപടികൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി.

നിർവഹണം- കൃഷി ഓഫീസർ, എടരിക്കോട് ഗ്രാമ പഞ്ചായത്ത്.

| ക്രമ നം. | പ്രൊജക്റ്റ് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 93/23 | ഞങ്ങളും കൃഷിയിലേക്ക്- ടയർ ചട്ടി തിരിനന | 3,51,500 (2,23,250 DF-G+ 1,28,250 BC) | 1) 221517520373015O7212/ 28-3-23 Rs. 2,23,250<br>2) Ch. No. MA 1676264/27-3-23 Rs. 1,28,250 | കോഡൂർ കാർഷിക കർമ സേനയുടെ ബിൽ നം. 3173/18-3-23 പ്രകാരം 95 യൂനിറ്റ് ടയർ ചട്ടി, പോട്ടിംഗ് മിശ്രിതം, തൈകൾ, തിരിനന സെറ്റ് ഉൾപ്പെടെ @ 3,700 = 3,51,500 നേരിട്ട് വാങ്ങി. |
| 2 | 92/23 | ഞങ്ങളും കൃഷിയിലേക്ക്- പുരയിട കൃഷി വികസനം- വനിത | 5,00,000 DF-G | 22151752037301386518/15-3-23 Rs. 5,00,000 | എടരിക്കോട് ഗ്രാമ പഞ്ചായത്ത് ഇക്കോ ഷോപ്പ്, പുതുപ്പറമ്പിന്റെ ബിൽ നം. 1570/15-3-2023 പ്രകാരം 1000 കിഴങ്ങ് വർഗ കിറ്റ് @ 500 നേരിട്ട് വാങ്ങി. |

അപാകതകൾ

1) ഈ പ്രൊജക്ടുകളിലുൾപ്പെടുത്തി കോഡൂർ കാർഷിക കർമ സേന, എടരിക്കോട് ഗ്രാമ പഞ്ചായത്ത് ഇക്കോ ഷോപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് നടീൽ സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഇവ സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളല്ല.

2) വാങ്ങിയ വസ്തുക്കളുടെ യൂനിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3) സ്റ്റോക്ക് - ഇഷ്യൂ വിവരം ചേർത്തിട്ടില്ല. (Certification ന് വേണ്ടി തയ്യാറാക്കിയ സീലിൽ പോലും സ്റ്റോക്ക് സംബന്ധമായ വിവരം ഉൾപ്പെടുത്തിയിട്ടില്ല.)

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/ 20-11-2023-ക്ക് ലഭിച്ച മറുപടിയിൽ സ്റ്റോക്ക് വിവരം ചേർത്തു കാണിച്ചിട്ടുണ്ട്.

യൂനിറ്റ് കോസ്റ്റ് സംബന്ധമായ വ്യക്തമായ വിവരവും, സർക്കാർ ഉത്തരവിനു വിരുദ്ധമായ ചെലവിന് സർക്കാർ സാധൂകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-20 കൃഷി ഓഫീസർ- സ്റ്റോക്ക് വിവരം ചേർത്തിട്ടില്ല.

കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പ്രൊജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ, വിവിധ പർച്ചേസ് നടപടികൾ പ്രകാരം വാങ്ങിയ വസ്തുക്കളുടെ സ്റ്റോക്ക് വിവരം പർച്ചേസ് ബില്ലുകളിൽ/ ഇൻവോയ്സുകളിൽ രേഖപ്പെടുത്താതെ കാണപ്പെട്ടു. പർച്ചേസ് നടപടിക്രമങ്ങളുടെ അടിസ്ഥാന നിയമങ്ങളിലൊന്നായ സ്റ്റോക്ക് വിവരം രേഖപ്പെടുത്തലിൽ വീഴ്ച വരുത്തുന്നതിന് കാരണം വ്യക്തമല്ല. Certification ന് വേണ്ടി തയ്യാറാക്കിയ സീലിൽ പോലും സ്റ്റോക്ക് സംബന്ധമായ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 91/23 | തെങ്ങു കൃഷി വികസനം | 2,97,492 (2,23,119 DF-G+ 74,373 BC) | 1) 22151752037301136003/ 4-2-23 Rs. 2,23,119<br>2) Ch. No. MA 1675998/16-3-23 Rs. 74,373 | RAIDCOയുടെ Invoice No. MPM/214/2022-23/29-10-22 Rs. 2,97,492 പ്രകാരം 17,500 Kg Lime Shell നേരിട്ട് വാങ്ങി. |
| 2 | 96/23 | നെൽ കൃഷി വികസനം | 22,57,272 (19,23,120 DF-G+ 3,34,152 BP Share) | 22151752037300944557/21-12-22 Rs. 3,25,500 | National Seed Corporation Ltd ന്റെ Dealer Bill No. DLB 1002322022080026/29-8-22 Rs. 3,25,500 പ്രകാരം 8,400 Kg Paddy Seed @ 38.75 + Tax നേരിട്ട് വാങ്ങി. |

ഇതിനു പുറമേ, താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ ഇനങ്ങളിലും ഈ സ്റ്റോക്ക് അപാകത സംഭവിച്ചിട്ടുണ്ട്.

1) 93/23 : ഞങ്ങളും കൃഷിയിലേക്ക്-ടയർ ചട്ടി തിരിനന

2) 92/23 : ഞങ്ങളും കൃഷിയിലേക്ക്- പുരയിട കൃഷി വികസനം- വനിത

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/ 20-11-2023-ക്ക് ലഭിച്ച മറുപടിയിൽ സ്റ്റോക്ക് വിവരം ചേർത്തു കാണിച്ചിട്ടുണ്ട്.

അപാകതകൾക്ക് കാരണം വിശദീകരിക്കുകയും, സീലിൽ ആവശ്യമായ വിവരം ചേർത്ത് തുടരുപയോഗത്തിന് സജ്ജമാക്കുകയും ചെയ്യേണ്ടതാണ്.

## 1-21 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് – ഫോം വർക്കിനുള്ള തുക നൽകി- അധികച്ചെലവ്.

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ 45/23പെരുങ്കൊല്ലത്തിക്കടവ് ജലനിധി റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിക്ക് ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജിന് മണ്ണ് എടുത്ത് മാറ്റിയ അതേ നീളത്തിലും വീതിയിലും തന്നെയാണ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റ് നടത്തിയത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. അതിനാൽത്തന്നെ ഇത്തരം പ്രവൃത്തികൾക്ക് ഫോം വർക്ക് ചെയ്യേണ്ടി വരുന്നില്ല.

പ്രവൃത്തിക്ക് MORD 2018 SOR, 36.44% Cost Index പ്രകാരം അനുവദിച്ചതും അനുവദിക്കാവുന്നതുമായ നിരക്ക് താഴെ നൽകുന്നു

| പ്രവൃത്തി | അനുവദിച്ച നിരക്ക് (ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെ, കരാറുകാരൻ ക്വാട്ട് ചെയ്ത തുക) | അനുവദിക്കാവുന്ന നിരക്ക് (ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയത്) | അധികം |
|---|---|---|---|

| | | | |
|---|---|---|---|
| Drain Bed Concrete (1:3:6) | 7800( .53%below) ( Mord 11.4.1.1 @7841.67) | 7500.11 (7540.07-0.53%) | 299.89 / $M^3$ |

ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിക്ക് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെ തുക അനുവദിച്ച് നൽകിയത് വഴി അധികച്ചെലവുണ്ടായിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് അളവ് | അധികം നൽകിയ തുക ( മൂല്യനിർണ്ണയത്തിൽ ലിമിറ്റ് ചെയ്തത്(@7800 , 18% GST നൽകിയത് ഉൾപ്പെടെ) |
|---|---|---|---|
| 1 | 45/23പെരുങ്കൊല്ലത്തിക്കടവ് ജലനിധി റോഡ് അഭിവൃദ്ധിപ്പെടുത്തൽ<br>കരാറുകാരൻ - ശ്രീ അബ്ദുൾ ലത്തീഫ് ഒ.ടി<br>സാങ്കേതികാനുമതി നമ്പർ : LSGD/TS /2021-2022/80509 Dated 24.12.2021<br>കരാർ - 83/2021-22 Dt 23.03.2022<br>Estimate Amount : 14,00,000<br>Est. Item No. 1.2<br>ചെലവ് തുക: 1257747/-<br>വൗച്ചർ നമ്പർ 22200865/03.03.2023 (257747- തനത് )<br>ബിൽ നമ്പർ 22151752036701301020/04.03.2023: 500000/-( Block Share)<br>ബിൽ നം.22151752036701156336/ 08-02-2023:500000/-(MG-NR) | 5.312 | 1879.75<br>(5.312x299.89 X118%) |
| | ആകെ | | 1880/-രൂപ |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/22-23 /21.01.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ലേല നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തിൽ GUPS ക്ലാരി അഭിവൃദ്ധിപ്പെടുത്തൽ (പ്രോജക്റ്റ് നമ്പർ - 251/23) പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിടത്തിന്റെ ആസ്ബറ്റോസ് മേൽക്കൂര പൊളിച്ച് മാറ്റി പകരം ഓട് വിരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 1 പ്രകാരം ആസ്ബറ്റോസ് മേൽക്കൂര പൊളിച്ച് മാറ്റിയതിന് 20362.89 (302.12m2x67.40/m2) രൂപ അനുവദിച്ചിട്ടുണ്ട്. 302.12m2 പൊളിച്ച് മാറ്റിയതിൽ യൂസബിൾ ഐറ്റം ആയി കണക്കാക്കിയതിന്റെ രേഖകൾ , ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/22-23/21.11.2023) മറുപടി ലഭ്യമാക്കിയില്ല. ലേല നടപടികൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതാണെന്ന് കേരള PWD മാനുവലിലും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറിലും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയതിൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും സർക്കാർ നിർദ്ദേശപ്രകാരമുള്ള പിഴ ഈടാക്കാതെ കരാറുകാർക്ക്

പണം നൽകിയതായി വ്യക്തമായി.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കുന്നതാണ് എന്നാണ് പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തത്.

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നവെങ്കിൽ ഇക്കാര്യം വ്യക്തമാക്കി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ സ്ഥാപനം സമയം ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്യേണ്ടത്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത, പൂർത്തീകരണം വൈകിയ താഴെ പരാമർശിച്ച പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

| | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | പ്രൊജക്റ്റ് : പാറക്കടവ് കുളിക്കടവ് സ്റ്റെപ്പ് നവീകരണം (21/23)<br>TS –LSGD/TS/2020-21 /47658 Dated Dt 05.06.2020 ₹ 130000<br>പൂർത്തീകരണകാലയളവ് - 10 മാസം<br>കരാറുകാരൻ- ശ്രീ അബ്ദുൽ ലത്തീഫ് .ഒ.ടി<br>കരാർ -27/20-21 തീയതി 12.10.2020 ( എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 116013(MGR)<br>സെലക്ഷൻ നോട്ടീസ് - 08.10.2020<br>സൈറ്റ് കൈമാറിയത്- രേഖ ഫയലിൽ ഇല്ല.<br>M Book – 87/21-22<br>പൂർത്തീകരിച്ചത്- 30.11.2022<br>ചെലവ് - ₹91081 ( Bill No 22201044/ 31.03.2023 ) | 11.08.2021 (എഗ്രിമെന്റ് തിയ്യതി മുതൽ 10 മാസം) | 30.11.2022 | വൈകിയത് - 15 മാസം 19 ദിവസം.<br>ഈടാക്കേണ്ട പിഴ - 10919<br>[12.08.2021 To 11.11.2021 @ 1% Of PAC – 1160<br>12.11.2021 To 11.02.2022 @2% Of PAC – 2320<br>12.02.2022 To 11.05.2022 @2% Of PAC – 2320<br>12.05.2022 To 11.08.2022 @2% Of PAC – 2320<br>12.08.2022 To 11.11.2022 @2% Of PAC – 2320<br>12.11.2022 To 30.11.2022 – 2320*19/92 = 479) |
| 2 | പ്രൊജക്റ്റ് : 48/23, ടേക്ക് എ ബ്രേക്ക്<br>TS.No : LSGD/TS/2021-22 /10249 , Dated 21.02.2022<br>TS Amount. ₹ 250000<br>പൂർത്തീകരണ കാലയളവ്-6 മാസം<br>കരാറുകാരൻ: ഹബീബ് സി<br>കരാർനം: : 81/21-22 /11.03.2022 ( എസ്റ്റിമേറ്റ് | 10.09.2022<br>(എഗ്രിമെന്റ് തിയ്യതി മുതൽ 10 മാസം) | 06.10.2022 | 645<br>(2232*26/90) |

| | | | | |
|---|---|---|---|---|
| | നിരക്ക്)<br>PAC – 223227<br>സെലക്ഷൻ നോട്ടീസ് - 26.02.2022<br>സൈറ്റ് കൈമാറിയത്- രേഖ ഫയലിൽ ഇല്ല.<br>എംബുക്ക് നം: 185/21-22, 82/21-2, 79/21-22<br>പ്രവൃത്തി അവസാനം മെഷർമെന്റ് ചെയ്ത തിയ്യതി : 06.10.2022<br>അടങ്കൽ : 300000 (210000- കേന്ദ്രാവിഷ്കൃതം + 90000- തനത്)<br>ചെലവ് : 24238 ( വൗച്ചർ നമ്പർ 22201046/31.03.2023<br>210000 വൗച്ചർ നമ്പർ - 22300290/27.07.2023 (2023-24) | | | |

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിന് കാരണം ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22.11.2023) മറുപടി ലഭ്യമാക്കിയില്ല. 11564/-പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊതുമരാമത്ത്- പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

**I) പ്രവൃത്തികളുടെ നടത്തിപ്പ്**

**2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 132 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 76 പ്രൊജക്ടുകളിലായി ആകെ 1,77,38,553 രൂപയാണ് ചെലവഴിച്ചത്.**

| | | | |
|---|---|---|---|
| ആകെ പദ്ധതി | 132 | ആകെ അടങ്കൽ | 45354176 |
| നടപ്പിലാക്കിയത് | 76 | ചെലവ് | 17738553 |
| ശതമാനം | 58 | ചെലവ് ശതമാനം | 39% |

**II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.**

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

**IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത്

കാലികമാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല.
അപാകതകൾ കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/22-23/21.11.2023) മറുപടി ലഭ്യമാക്കിയില്ല . വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ്ബുക്ക് സൂക്ഷിപ്പിലെ അപാകത

കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് പ്രതിദിന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2. വരവുകൾ കൃത്യമായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3.അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല. അസി. എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ അക്കൗണ്ടിൽ (നമ്പർ 41311907567) 28.09.2023 ന് ₹ 1,26,402 രൂപയുടെയും STSB അക്കൗണ്ടിൽ 19.09.2023 ന് 6331 രൂപയും ബാലൻസ് ഉണ്ടെങ്കിലും ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് ബാലൻസ് കാണിച്ചിട്ടില്ല.

5. ബാങ്ക് പാസ്സ് ബുക്ക് / ട്രഷറി പാസ്സ് ബുക്ക് പ്രകാരമുള്ള വരവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 17/*22-23/* 21.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ഇ-ടെണ്ടർ- ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭ്യമാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇ - ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ഒടുക്ക് വരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന കാണിച്ച് ഓഡിറ്റ് എൻക്വയറി (02/22-23/15.11.2023 ) നൽകിയതിന് , 2022-23 സാമ്പത്തിക വർഷത്തിൽ ഇ - ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ യുടെ എടരിക്കോട് ശാഖയിലുള്ള അക്കൗണ്ടിൽ (A/C No.0000041311907567) വരവു വന്നതായി കാണിച്ച് ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി. ടി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 28.09.2023 വരെ ₹1,26,402 രൂപ അക്കൗണ്ട് ബാലൻസ് ഉള്ളതായി കണ്ടു. ടി തുക പൂർണ്ണമായും ഇ-ടെണ്ടർ ,ടെണ്ടർഫീ ഇനത്തിൽ ലഭ്യമായതാണോ എന്ന വ്യക്തമല്ല. ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പ്രൊജക്ടിൽ അധികം തുക വകയിരുത്തി

പ്രൊജക്റ്റ് : 287/23, കല്ലുവെട്ടുപാറ അങ്കണവാടി കുടിവെള്ള പദ്ധതി പുനരുദ്ധാരണം

TS.No : LSGD/CELSGD/EST_TS/2723/2023_5_1_1 , Dated 28.01.2023 ; TS Amount.107000,

അടങ്കൽ : 417300/- ധനകാര്യകമ്മീഷൻ അവാർഡ്

ചെലവ് : 31278/- വൗച്ചർ നമ്പർ - XVFC/2022-23/P/61 തിയ്യതി 30.03.2023

കരാർനം: : 52/AE/LIDEW/EKD/22-23/09.03.2023

കരാറുകാരൻ: മുനീർ.കെ

പ്രൈസ് ഐഡി. LSGD/CELSGD/EB/2723/2023_5_1_1

മേൽ പ്രൊജക്ടിന് 107000 രൂപയുടെ എസ്റ്റിമേറ്റിനാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്ടിന് 417300 രൂപ പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. 2022-23 ൽ ആകെ 31278 രൂപയാണ് പദ്ധതി ചെലവ് 2023-24

വർഷത്തിൽ 37058 രൂപയും (XVFC/2023-24/P/7dated 10.07.2023) ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. മറ്റ് പ്രൊജക്റ്റുകൾക്ക് വിനിയോഗിക്കാമായിരുന്ന പദ്ധതി തുക ഇപ്രകാരം ഈ പ്രൊജക്റ്റിന് വേണ്ടി വകയിരുത്തിയിയതിന് വിശദീകരണം നൽകേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09 /22-23/20.11.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിപ്പണം ഫലപ്രദമായി ഉപയോഗിക്കുന്നതിന് പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-28 കരാർ വെക്കുന്നതിന് കാല താമസം - പിഴ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെയുള്ളതിൽ പൊതുമരാമത്ത് വകുപ്പിൽ തത്സമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്നും ഈ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ചട്ടം 18).

ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാർ യഥാസമയം കരാർ ചമച്ചില്ലെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ ഈ ചട്ടത്തിൽ പരാർശിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമമാണ് പാലിക്കേണ്ടത്.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 ൽ ഇതുസംബന്ധിച്ച് താഴെ പറയുന്ന നടപടികളാണ് നിർദ്ദേശിക്കുന്നത്.

* തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്ക് ഏഴ് ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നൽകണം.

* സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയക്കുന്ന തിയ്യതിയാണ് കൈപ്പറ്റ് തിയ്യതിയായി കണക്കാക്കേണ്ടത്.

* സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെ കരാർ ചമക്കാം.

* നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനു ശേഷമുള്ള 10 ദിവസം ഒരു ശതമാനം പിഴയോടെ (കുറഞ്ഞത്

1000 പരമാവധി 25000 ) കരാർ ചമക്കാവുന്നതാണ്.

*പിഴയോടെ കരാർ ചമക്കേണ്ട തിയ്യതിക്കകം കരാർ ചമച്ചില്ലെങ്കിൽ സെലക്ഷൻ നോട്ടീസ് കാൻസൽ ചെയ്ത് കരാറുകാരന്റെ EMD പിടിച്ചുവച്ച് അടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ ആദ്യ കരാറുകാരന്റെ നിരക്കിന് പ്രവൃത്തി ചെയ്യാൻ തയ്യാറാണോ എന്ന് അന്വേഷിച്ച് രേഖാമൂലം എഴുതി വാങ്ങേണ്ടതും തയ്യാറല്ല എങ്കിൽ പ്രവൃത്തി റി ടെണ്ടർ ചെയ്യേണ്ടതുമാണ്.

ഇത്തരത്തിൽ റി ടെണ്ടർ ചയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം ആദ്യ കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതാണ് എന്നും മാന്വലിൽ നിർദേശിക്കുന്നുണ്ട്.

**മേൽ കാര്യങ്ങളിൽ നിന്ന് താഴെ പറയുന്ന വസ്തുതകൾ വ്യക്തമാണ്.**

ടെണ്ടർ അംഗീകരിച്ച് പരമാവധി 21 ദിവസത്തിനകം പിഴയില്ലാതെയും തുടർന്ന് 10 ദിവസം ഒരു ശതമാനം പിഴയോടെയും കരാർ ചമക്കാവുന്നതാണ്. അതിനു ശേഷം മാന്വലിൽ വ്യക്തമാക്കിയ മറ്റ് തുടർ നടപടികളാണ് സ്വീകരിക്കേണ്ടത്.

2022-23 വർഷത്തിൽ ടെണ്ടർ താഴെ പറയുന്ന പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനു ശേഷമാണ് കരാർ ചമച്ചിട്ടുള്ളത്.

| പ്രവൃത്തിയുടെ വിവരം | സെലക്ഷന് നോട്ടീസ് നൽകിയ തിയ്യതി | കരാർ വെച്ച തിയ്യതി | റിമാർക്സ് |
|---|---|---|---|
| പ്രൊജക്റ്റ് : 25/23, പുതുപ്പറമ്പ് പാറക്കടവ് റോഡ് സംരക്ഷണം<br>TS.No : LSGD/TS/2021-22/61792 , Dated 27.10.2021<br>TS Amount. 150000,<br>PAC :133998<br>അടങ്കൽ : 490000 (325000(തനത്)+ 165000(MG-NR)<br>ചെലവ് : 141449/- ബിൽ നമ്പർ- 2215175203670146585/24.03.2023 | 20.12.2021 | 18.01.2022 | 21 ദിവസത്തിനു ശേഷമാണ് കരാർ ചമച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| കരാർനം: : 39/21-22/18.01.2022<br>കരാറുകാരൻ: അബ്ദുൾ മജീദ് കെ<br>എംബുക്ക് നം: 81/21-22 | | | |
| പ്രൊജക്ട് : 25/23, അമ്പലവട്ടം കല്ലുവെട്ടുമ്പാറ റോഡ് മെയിന്റനൻസ്<br>TS.No : LSGD/TS/2021-22/65513 , Dated 30.09.2021<br>TS Amount. 450000,<br>PAC :401792<br>അടങ്കൽ : 494550 (94550(തനത്)+ 400000(MG-NR)<br>ചെലവ് : 1.400000/- ബിൽ നമ്പർ- 21151752036701515416 30.03.2022<br>2. 79843/- വൗച്ചർ നമ്പർ 22200140/08.06.2022<br>കരാർനം: : 37/21-22/18.01.2022<br>കരാറുകാരൻ: ഹംസദ് ജാൻ എം<br>എംബുക്ക് നം: 118/21-22 | 20.12.2021 | 18.01.2022 | 21 ദിവസത്തിനു ശേഷമാണ് കരാർ ചമച്ചിട്ടുള്ളത്. |
| പ്രൊജക്ട് : 23/23, കാരാട്ടങ്ങാടി അംഗൻവാടി ടോയ്‌ലറ്റ് നിർമ്മാണം<br>TS.No : LSGD/TS/2020-21/9461 , Dated 15.02.2021<br>TS Amount. 160000,<br>PAC :89613 (As Per Revised Estimate)<br>അടങ്കൽ : 200000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ് : 96946/- വൗച്ചർ നമ്പർ- 22200379/02.09.2022<br>കരാർനം: : 01/2-22/07.07.2021<br>കരാറുകാരൻ: പ്രദീപ് കുമാർ. കെ<br>എംബുക്ക് നം: 82/19-20 | 26.02.2021 | 07.07.2021 | 21 ദിവസത്തിനു ശേഷമാണ് കരാർ ചമച്ചിട്ടുള്ളത്. |

കരാർ ചമക്കാൻ വൈകിയതിന് ഈടാക്കേണ്ട പിഴ ഈടാക്കുകയോ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാലിച്ച് നൽകിയത ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 10 /22-23/20.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ പരിശോധിച്ചതിൽ മേൽ പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ലെന്ന് വ്യക്തമായി. പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശപ്രകാരമുള്ള പിഴ ഈടാക്കാതെ കരാർ ചമക്കാൻ വൈകിയ കരാറുകാർക്ക് കരാർ ചമക്കാൻ അവസരം നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 108900 | പ്രൊ.നം-173/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 108900 | 0 |
| | 300000 | പ്രൊ.നം-252/23 കാരാട്ടങ്ങാടി പെരുമ്പുഴ റോഡ് മെയിന്റനൻസ് രണ്ടാം ഘട്ടം | 300000 | 0 |
| | 200000 | പ്രൊ.നം- 293/23 എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ആകെ | | | 608900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 334152 | പ്രൊ.നം-96/23 സമഗ്ര നെൽകൃഷി വികസനം | 334152 | 0 |
| | 38345 | പ്രൊ.നം-03 /23 പാലിയേറ്റീവ് കെയർ | 38345 | 0 |
| | 1492400 | പ്രൊ.നം-86/23 എസ്.സി ലൈഫ് ഭവന പദ്ധതി | 1492400 | 0 |
| | 545500 | പ്രൊ.നം-17/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 545500 | 0 |

| | | | | |
|---|---|---|---|---|
| | | | | |
| | 500000 | പ്രൊ.നം-45/23 പെരുങ്കൊലത്തികടവ് ജലനിധി റോഡ് ഇംപ്രൂവ്മെന്റ് | 500000 | 0 |
| | 785047 | പ്രൊ.നം-50/23 മലയിൽ കടവ് സൈഡ് പ്രൊട്ടക്ഷൻ | 785047 | 0 |
| | 60000 | പ്രൊ.നം-89/23 ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങലും, വീട് നിർമ്മാണവും | 60000 | 0 |
| ആകെ | | | 3755444 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബില്ല് /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 262/23, കാരാട്ടങ്ങാടി പെരുമ്പുഴ റോഡ് പോസ്റ്റ്മാറ്റൽ | JF 9527791/ 16.02.2023 | 33995 | 0 | U C ലഭ്യമല്ല | 33995 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | | 1498813 | 651724 | 0 | 847089 |
| | | | | | | 0 | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (FDR No.1757/21.01.23) | 2500000 |
| തൻവർഷം നിക്ഷേപിച്ച തുക | 168750(പലിശ) |
| ആകെ | 2668750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2668750 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | തുക |
|---|---|
| എടരിക്കോട് സർവ്വീസ് സഹകരണ ബാങ്ക് | 2668750 |
| ആകെ | 2668750 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2019-20 | 1-20 | 17030/- | അസി.എൻജിനീയർ | 1220100809 തിയതി: 07/06/2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3(8) | 2007-08 | 3.8 | ക്ലാരി ഗവ. എൽ പി സ്കൂൾ ഏറ്റെടുക്കുന്നതിന് കളക്ടറുടെ Valuation പുറമേ 30% തുക അധികം നൽകിയത് (സൊലേഷ്യം) | നടപടികൾ തുടരുന്നു |
| 2011-12,12-13 | | 2014-15 | 4(1)(a) | നിഷ്ക്രിയ ആസ്തികൾ അവലോകനം | |
| 2014-15 | 2-(1),2(3) 2(4) | 2016-17 | | | |
| 2017-18 | 2(1) | 2018-19 | 1-VIII(5) | ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103907566 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93182618 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,75,370 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 50370 | ശ്രീമതി സനിത പൂവത്തുപറമ്പിൽ |
| 1-16 | 10,00,000 | ശ്രീമതി ഷംന എം കെ, സെക്രട്ടറി |
| | 7,00,000 | ശ്രീ.രാജേഷ്. ആർ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | 7,60,000 | ശ്രീ.രാജേഷ്. ആർ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-17 | 265000 | ശ്രീ.രാജേഷ്. ആർ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| ആകെ | 27,75,370 | |

**സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രം.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1999-2000 | എൽ എഫ് എം.15/230/02 തിയ്യതി 25.08.10 | 4 |
| 2 | 2000-01 | എൽ എഫ് എം.17/209/02 തിയ്യതി 25.08.10 | 8 |
| 3 | 2002-03 | എൽ എഫ് എം.13/970/04 തിയ്യതി 20.08.10 | 5 |
| 4 | 2003-04 | എൽ എഫ് എം.17/510/05 തിയ്യതി 25.08.10 | 5 |
| 5 | 2004-05 | എൽ എഫ് എം.10/1958/06 തിയ്യതി 25.08.10 | 1 |
| 6 | 2005-06 | എൽ എഫ് എം.10/1959/07 തിയ്യതി 25.08.10 | 15 |
| 7 | 2006-07 | എൽ എഫ് എം.10/590/09 തിയ്യതി 25.08.10 | 10 |
| 8 | 2007-08 | എൽ എഫ് എം.14/773/12 തിയ്യതി 28.09.12 | 7 |
| 9 | 2008-09 | എൽ എഫ് എം.14/774/12 തിയ്യതി 28.09.12 | 12 |

| | | | |
|---|---|---|---|
| 10 | 2009-10 | എൽ എഫ് എം.14/775/12 തിയ്യതി 28.09.12 | 12 |
| 11 | 2010-11 | എൽ എഫ് എം.14/1207/13 തിയ്യതി 06-12-2013 | 7 |
| 12 | 2011-12,12-13 | എൽ എഫ് എം.14/3342/14 തിയ്യതി 14.07.15 | 10 |
| 13 | 2013-14,14-15 | കെ എസ് എ എം പി എം 14/2010/16 തിയ്യതി 16-10-2018 | 12 |
| 14 | 2015-16 | കെ എസ് എ എം പി എം 14/3251/16 തിയ്യതി 19-02-2018 | 13 |
| 15 | 2016-17 | കെ എസ് എ എം പി എം14/1341 /2017 തിയ്യതി 18-11-2020 | 16 |
| 16 | 2017-18 | കെ എസ് എ എം പി എം14/2414/18 തിയ്യതി 25-03-2019 | 19 |
| 17 | 2018-19 | കെ എസ് എ എം പി എം14/1837/19 തിയ്യതി 05.08.2019 | 22 |
| 18 | 2019-20 | കെ എസ് എ എം പി എം14/1159/2021 തിയ്യതി 24.08.2021 | 12 |
| 19 | 2020-21 | കെ എസ് എ എം പി എം14/1161/2021 തിയ്യതി 16.09.2021 | 10 |
| 20 | 2021-22 | കെ എസ് എ എം പി എം14/2048/2023 തീയതി 08-10-2023 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എം.എ്വ.12/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 20-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Edarikkode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Edarikkode Grama Panchayat for the year 2022-2023

**Date: 18/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Edarikkode Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

- The following mandatory financial statements prescribed in accounting rules are not submitted for audit.
  1. Ratios.
  2. Comparative amounts.
- Cashflow Statement Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
- Bank reconciliation statement is not maintained every month attested

- Depreciation statement is not produced for audit
- Annual abstract of license, building permit/regularization, proffesional Tax demand registers, have not been prepared and certified, so it has not been possible to check whether the demand, collection and balance are consistent with the annual financial statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്